## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** | **30-01-2024 - ൽ മറുപടിയ്ക്ക്**

## യന്ത്രസഹായത്തോടെ കുടിവെള്ള നിർമാണ സംരംഭം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യന്ത്രസഹായത്തോടെ ഗുണമേന്മയുള്ള കുടിവെള്ളം നിർമിച്ച് ചുറ്റുവട്ടത്തുള്ളവർക്കും മറ്റ് സ്ഥാപന ഉപഭോക്താക്കൾക്കും നൽകുവാനുള്ള സംരംഭം തുടങ്ങുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിക്കേണ്ടത്; വിശദമാക്കാമോ; | (എ) | യന്ത്രസഹായത്തോടെ ഗുണമേന്മയുള്ള കുടിവെള്ളം നിർമിച്ച് ചുറ്റുവട്ടത്തുള്ളവർക്കും മറ്റ് സ്ഥാപന ഉപഭോക്താക്കൾക്കും നൽകുവാനുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം, 2008-ലെ തണ്ണീർതട നെൽവയൽ സംരംക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ മാസ്റ്റർ പ്ലാൻ അതാത് പഞ്ചായത്ത്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമേ സംരംഭത്തിനാവശ്യമായ ലാന്റ് കണ്ടെത്താൻ പാടുള്ളൂ. ലാന്റ് കണ്ടെത്തിയ ശേഷം ഭൂജല വകുപ്പിന്റെ അനുമതി നേടേണ്ടതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും റോഡിന്റെ വീതി ബിൽഡിംഗിന്റെ ഉയരം, തൊട്ട് അടുത്ത വീട്ടിലേക്കുള്ള ദൂരം, തൊട്ട് അടുത്ത ആളുടെ സ്ഥലത്തേക്കുള്ള ദൂരം എന്നിവ സംബന്ധിച്ച പരിധി/നിബന്ധകൾ പാലിക്കുകയും പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ആന്റ് റെസ്ക്യൂ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ മറ്റ് വകുപ്പുകളുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. ആയതിന് ശേഷം സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് |

| | | | |
|---|---|---|---|
| | | | എഫ്.എസ്.എസ്.എ.ഐ, ലീഗത് മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് എന്നി വകുപ്പുകളുടെ/ഏജൻസികളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ സംരംഭം തുടങ്ങാൻ പാടുള്ളൂ. |
| (ബി) | ഇത്തരം സംരംഭങ്ങൾക്ക് അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; മിനറൽ വാട്ടർ കാനുകളിലും ബോട്ടിലുകളിലും വിൽക്കാൻ നിലവിൽ അനുമതിയുണ്ടോ; വിശദമാക്കാമോ; ഇത്തരം സംരംഭത്തിന് സർക്കാർ സബ്സിഡി നിലവിലുണ്ടോ? | (ബി) | സംസ്ഥാന ഭൂജല വകുപ്പിന്റെ അനുമതി ലഭിക്കാൻ ചിലപ്പോൾ കാലതാമസം നേരിടുന്നുണ്ട്. വേനൽക്കാലത്ത് നടത്തുന്ന പമ്പിംഗ് ടെസ്റ്റ് വിജയിക്കുന്ന സംരംഭങ്ങളെ, ഡിസ്ട്രിക്ട് ലെവൽ ഇവാലുവേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾക്ക് സംസ്ഥാന തലത്തിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സംരംഭത്തിനുള്ള അനുമതി ലഭിക്കുകയുള്ളൂ.<br><br>ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്-ന്റെ അനുമതി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ അനുമതികളും കരസ്ഥമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് കാനുകളിലും ബോട്ടിലുകളിലും മിനറൽ വാട്ടർ വിൽക്കുന്നതിനു നിലവിൽ തടസ്സമില്ല. കൂടാതെ ഇത്തരം സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി (ESS) ഉൾപ്പെടെയുള്ള സാമ്പത്തിക സഹായ പദ്ധതികൾ വഴിയുള്ള സബ്സിഡിക്കും അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ